പണിമുടക്കിയ ജീവനക്കാർക്കും അദ്ധ്യാപകർക്കും പണിമുടക്കുകാലയളവിലെ ശമ്പളം നൽകുവാൻ നടപടി

28 [28] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ആനുകൂല്യങ്ങൾ കുറവുചെയ്തുകൊണ്ട് 2002 ജനുവരിയിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവും അതിനെതിരെ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ അനിശ്ചിതകാല പണിമുടക്കിന് ഡയസ്നോൺ ബാധകമാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവും പിൻവലിക്കുകയുണ്ടായോ;

(ബി) ഈ രണ്ട് ഉത്തരവുകളും പിൻവലിച്ചതായി ഒരു കേസ്സുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ സത്യവാങ്മൂലം നൽകിയെന്നുള്ള പത്രവാർത്തകൾ ശരിയാണോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പണിമുടക്കിയ ജീവനക്കാർക്കും അദ്ധ്യാപകർക്കും പണിമുടക്കുകാലയളവിലെ ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പിൻവലിച്ചിട്ടില്ല. 16-1-2002-ലെ ഉത്തരവിലെ ചില നിയന്ത്രണങ്ങൾ പിൻവലിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ബി) സർക്കാർ ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടില്ല.

(സി) (ബി) യ്ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ

29 [29] ശ്രീ. എൻ. ശക്തൻ:
,, ലൂഡി ലൂയിസ്:
,, ബി. വിജയകുമാർ:
,, കെ. പി. വിശ്വനാഥൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തിവെച്ചതെന്നാണ്;

(ബി) അതു ഭാഗികമായി അനുവദിച്ചതെന്നാണ്;

(സി) നേരത്തേ ഉണ്ടായിരുന്ന ലീവ് സറണ്ടർ ആനുകൂല്യത്തിന് തുല്യമായി അതു പുനഃസ്ഥാപിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly